[Mr. P. Kumhrvn Ezhuthassan]

വിരോധമില്ല—ഏതെങ്കിലും ഒരു വകുപ്പിന്റെ കീഴിലാക്കി ഈ duel control കൂടാതെ കഴിക്കാൻ നോക്കാമോ?

റാവു സാഹിബ്ബ് എ. മാധവപ്രഭു: ഒന്നാമതായി ടഷറി transaction-ം താലൂക്ക് transaction-ം വേറെയാകയാൽ ഇതിനെ സംബന്ധിച്ചുള്ള ബന്ധത്തിന്റെ question ഇല്ല. അതുകൊണ്ട് ഇതിനെപ്പറ്റി answer ചെയ്യേണ്ട ആവശ്യമില്ല. എങ്കിലും ബഹുമാനപ്പെട്ട ചെയർ അനുവദിക്കുകയാണെങ്കിൽ ഞാൻ വിശദീകരിക്കാം. ഇതിനെക്കുറിച്ചുള്ള principle ആലോചിക്കുകയാണെങ്കിൽ duel control തന്നെ വേണ്ടതാണ്.

The collection and the writing and the maintenance of the accounts must be with one department. The check as to whether all the collections and payments have been properly made and whether the accounts have been properly maintained is the work of another department. If these two are merged, a proper control of the collections and the maintenance of accounts will not be secured. That is the basis of the functions being attented to by 2 different departments. If this principle is to be given the go-by and one section may collect money and maintain accounts and audit the accounts, it may be done. But it is considered that this double control is the best for the safety of public money and public accounts.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: Pending Files എത്ര ശതമാനം കാണും?

റാവുസാഹിബ്ബ് എ. മാധവപ്രഭു: നോട്ടീസ്സുവേണം.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: അതു് എപ്പോഴെങ്കിലും ഒന്നു് പറയാമോ?

റാവുസാഹിബ്ബ് എ. മാധവപ്രഭു: അതു് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

PANDIKUDI-CHELLANAM ROAD WORKS—DETAILS REGARDING

232. ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് ദയവായി മറുപടി പറയുമോ.—

പാണ്ടിക്കുടി-ചെല്ലാനം റോഡു പണി എത്രത്തോളമായി; അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ അതിന്നായി എത്ര സംഖ്യ കൊള്ളിച്ചിട്ടുണ്ടു്; അതിന്റെ പണി മുഴുവനാകാൻ ഇനി എത്ര കൊല്ലങ്ങൾ വേണ്ടിവരും?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ:

സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുവരുന്നുണ്ടു്. എസ്റ്റിമേറ്റ് പാസ്സായികഴിഞ്ഞിരിക്കുന്നു. സ്ഥലം കൈവശം കിട്ടിയാൽ ഉടനെ റോഡുപണി ആരംഭിക്കുന്നതാണു്. ഈ പണിക്കുള്ള സംഖ്യ റോഡു് ബോർഡു് പദ്ധതിപ്രകാരമുള്ള പണികൾക്കു നീക്കിവെച്ചിട്ടുള്ള സംഖ്യയിൽ കൊള്ളിച്ചിട്ടുണ്ടു്. സ്ഥലം കൈവശം കിട്ടികഴിഞ്ഞുണ്ടു കൊല്ലംകൊണ്ടു് പണി അവസാനിക്കുന്നതാണു്.

ചൌധരി ജി. എസ്സ്. ധാരാസിങ്ങ്: ഫൈനലായിട്ടു് അക്വയർചെയ്തു കഴിഞ്ഞുവോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: കഴിഞ്ഞിരിക്കും.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അതിനുള്ള നടപടി എടുത്തുവോ? എത്രത്തോളമായി?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അവസാനിക്കാറായി.

ACCIDENTS AT THE TRICHUR POORAM FIRE WORKS

233. മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ഇത്തവണ തൃശ്ശിവപേരൂർ പൂരം പ്രമാണിച്ചുണ്ടായ വെടിക്കെട്ടുമത്സരത്തിൽ എത്രപേർ മരിച്ചു; എത്രപേർക്കു പരുക്കേറ്റു;

(ബി) വെടിക്കെട്ടു സംബന്ധിച്ചു് കഴിഞ്ഞ മൂന്നു വത്സരങ്ങളായി എത്ര പേർ മരിച്ചിട്ടുണ്ടു; എത്രപേർക്കു് പരുക്കേറ്റിട്ടുണ്ടു്;

(സി) ഈ അത്യാഹിതങ്ങളുടെ കാരണങ്ങളെ സംബന്ധിച്ചു് ഗവൺമെണ്ടു് എന്തെങ്കിലും അന്വേഷണം നടത്തി നടപടികൾ എടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly